**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -12- ാം പഞ്ചവത്സര പദ്ധതി - 2013-14 വാർഷിക പദ്ധതി - ഇൻവോയ്സ് ലെറ്റർ പ്രകാരം ബിൽ പാസാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ).228/15/തസ്വഭവ തിരുവനന്തപുരം, തീയതി, 23.01.2015

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 25.11.2014 ലെ 15964/ഡിപി5/2014/സിആർഡി നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികളിൽ തുക വകയിരുത്തി ആശുപത്രികൾക്കായി മരുന്ന് വാങ്ങുന്നതിന് കേരള സർക്കാർ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസ് സെന്ററിൽ നിന്നും ലഭിക്കുന്ന ഇൻവോയ്സ് ഉപയോഗിച്ച ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് അനുമതി നൽകണമെന്ന കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കാവുന്നതാണെന്ന് ഗ്രാമവികസന വികസന കമ്മീഷണർ പരാമർശ പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാര്യം ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികളിൽ തുക വകയിരുത്തി ആശുപത്രികൾക്കായി മരുന്ന് വാങ്ങുന്നതിന് കേരള സർക്കാർ സ്ഥാപനമായ മെഡിക്കൽ സർവ്വീസ് സെന്ററിൽ നിന്നും ലഭിക്കുന്ന ഇൻവോയ്സ് ഉപയോഗിച്ച് ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതിനുള്ള ഭരണാനുമതി കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
രാമൻകുട്ടി സി.
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക, മുള്ളേരിയ പി.ഒ.-671 543.
3. പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൌണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ